# പതിമൂന്നാം കേരളനിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 2246** **23.01.2014 ൽ മറുപടിയ്ക്ക്**

## പാലക്കാട്ടിൽ സോളാർ വൈദ്യുതി പ്ലാന്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>,, ജി. സുധാകരൻ<br>,, കെ. കെ. നാരായണൻ<br>,, കെ. ദാസൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) സോളാർ വൈദ്യുതി വ്യാപിപ്പിക്കുന്ന പ്രവർത്തനങ്ങളിൽ അനർട്ട്, വൈദ്യുതി ബോർഡ് എന്നീ സ്ഥാപനങ്ങൾക്ക് എന്ത് പങ്കാണ് നിർവ്വഹിക്കാനുള്ളത്; | (എ) സർക്കാർ പ്രഖ്യാപിച്ച സൗരോർജ്ജ നയം 2013 ൽ സൗരോർജ്ജം വ്യാപിപ്പിക്കുന്നതിന് വേണ്ടി കെ.എസ്.ഇ.ബിയും അനെർട്ടും നിർവ്വഹിക്കേണ്ട പ്രധാനപ്പെട്ട ഉത്തരവാദിത്തങ്ങൾ താഴെപറയുന്നവയാണ്.<br><br>**കെ.എസ്.ഇ.ബി**<br>(1) മുഖ്യധാരയിൽ സൗരോർജ്ജ പദ്ധതികൾ കൊണ്ടു വരുക എന്ന ഉദ്ദേശത്തോടെ കനാലുകളും റിസർവോയറുകളിലും പൊതുസ്ഥലങ്ങളിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുക.<br>(2) സൗരോർജ്ജ പദ്ധതിയ്ക്ക് വേണ്ടിയുള്ള ഗ്രിഡ് കണക്റ്റിവിറ്റി നൽകുന്നതിലേയ്ക്കായി എൽ.റ്റി/എച്ച്.റ്റി തലത്തിലുള്ള ഗ്രിഡ് കണക്റ്റിവിറ്റി സ്റ്റാൻഡേർഡുകൾ യഥാസമയം പുതുക്കുക.<br>(3) പ്രായോഗികത വിലയിരുത്തി അനുയോജ്യമായ സോളാർ പദ്ധതികൾക്ക് യഥാസമയം ഗ്രിഡ് കണക്റ്റിവിറ്റി നൽകുക.<br>(4) സോളാർ എനർജിയുടെ റിന്യൂവബിൾ പർച്ചേസ് ഒബ്ലിഗേഷന്റെ ലക്ഷ്യത്തിന് വേണ്ടി താരിഫ് അടിസ്ഥാനമാക്കിയുള്ള ബിഡ്ഡിങ്ങിന്റെ സാധ്യത കണ്ടെത്തുക. |

(5) പാരമ്പര്യേതര ഊർജ്ജവികസന മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ ആവശ്യാനുസരണമുളള പ്രസരണ ശൃംഖല മെച്ചപ്പെടുത്തുക.

<u>അനെർട്ട്</u>

(1) സൗരോർജ്ജ മേഖലയിൽ ബന്ധപ്പെട്ട സിസ്റ്റം പ്രോവൈഡർമാരെ വിശകലനം ചെയ്ത് പട്ടിക തയ്യാറാക്കുക.

(2) സംസ്ഥാനത്തിലെ സോളാർ എനർജി പൊട്ടൻഷ്യൽ നിർണ്ണയിക്കുകയും റിന്യൂവബിൾ എനർജി പൊട്ടൻഷ്യൽ ഏരിയ മേപ്പ് തയ്യാറാക്കുകയും ചെയ്യുക.

(3) സംസ്ഥാനത്തിലെ ഓഫ് ഗ്രിഡ് സോളാർ ആപ്ലിക്കേഷൻസിന്റെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുക.

(4) സൗരോർജ്ജനയവുമായി ബന്ധപ്പെട്ടിട്ടുളള എല്ലാ കാര്യങ്ങളേയും ഏകോപിപ്പിച്ച് നടപ്പിലാക്കാനുളള ഏജൻസിയായി പ്രവർത്തിക്കുക.

(ബി) പാലക്കാട് കേന്ദ്രമായി ഏതെങ്കിലും സ്വകാര്യ കമ്പനിയുമായി സോളാർ വൈദ്യുതി പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരോ വൈദ്യുതി ബോർഡോ ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇതനുസരിച്ച് എന്ത് പ്രവർത്തനമാണ് നടന്നിട്ടുള്ളത്?

<u>(ബി) യും (സി) യും</u>

സോളാർ വൈദ്യുതി പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സ്വകാര്യ കമ്പനിയുമായി ധാരണാപത്രം ഒപ്പു വച്ചിട്ടില്ല. എന്നാൽ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നുളള ഊർജ്ജ ലഭ്യത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി 50 മെഗാവാട്ടിൽ കുറയാതെയുളള ചെറുകിട ജലവൈദ്യുത പദ്ധതികൾ ഒഴികെയുളള പാരമ്പര്യേതര ഊർജ്ജ പദ്ധതികൾ സ്ഥാപിക്കുന്നതിലേയ്ക്കായി കെ.എസ്.ഇ.ബി ഒരു താല്പര്യപത്രം വിളിച്ചിരുന്നു.

ഇതിൽ തെരഞ്ഞെടുക്കപ്പെട്ട സംരഭകരിൽ നിന്നും ദർഘാസുകൾ ക്ഷണിക്കുകയും തെരഞ്ഞെടുക്കപ്പെട്ട സംരഭകനായ M/s. Hanjeng Energy & Technology Private Limited, Palakkad ന് ലെറ്റർ ഓഫ് ഇൻഡന്റ് നൽകുകയും ചെയ്തിട്ടുണ്ട്. 50 മെഗാ

വാട്ട് ശേഷിയുള്ള സൗരോർജ്ജ പദ്ധതി പാലക്കാട് ജില്ലയിൽ സ്ഥാപിക്കുവാനാണ് പ്രസ്തുത സംരംഭകൻ ഉദ്ദേശിക്കുന്നത് എന്നാണ് അറിയിച്ചിട്ടുള്ളത്.

ഈ സംരംഭകനുമായി വൈദ്യുതി വാങ്ങുന്നതിനുള്ള കരാർ ഒപ്പുവച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ